## പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2261** — **16/08/2017-ൽ മറുപടിയ്ക്ക്**

## സഹകരണമേഖലയിലെ നിക്ഷേപം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ശ്രീ.ഷാഫി പറമ്പിൽ<br>ശ്രീ.കെ.മുരളീധരൻ<br>ശ്രീ.വി.എസ്.ശിവകുമാർ | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്ത് സഹകരണമേഖലയിലെ നിക്ഷേപം വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം കർമ്മപദ്ധതികളാണ് ആവിഷ്ക്കരിച്ച് നടപ്പാക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്തെ സഹകരണ ബാങ്കുകളിലേയ്ക്കുള്ള നിക്ഷേപം പ്രോൽസാഹിപ്പിക്കുന്നതിനായി നിക്ഷേപ സുരക്ഷാ പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ ആവശ്യമായ ഘട്ടങ്ങളിൽ നിക്ഷേപ സമാഹരണ യജ്ഞങ്ങൾ സംഘടിപ്പിക്കാറുണ്ട്. |
| (ബി) | എന്തെല്ലാം പുതിയ പദ്ധതികളാണ് ഇതിനായി ഈ സർക്കാർ പ്രഖ്യാപിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ; | (ബി) & (സി) | ഈ സർക്കാരിന്റെ കാലത്ത് നിക്ഷേപകരുടെ വിശ്വാസം നേടിയെടുക്കുന്നതിനായി സഹകരണ മേഖല സംരക്ഷണ ക്യാമ്പയിൻ സംഘടിപ്പിച്ചു. ഭവന സന്ദർശനം നടത്തി നിക്ഷേപകരുടെ വിശ്വാസം ആർജ്ജിക്കുന്നതിനും നിലനിർത്തുന്നതിനും നടപടി സ്വീകരിച്ചു. നിക്ഷേപ സുരക്ഷാ സ്കീം നടപ്പിലാക്കുന്നതിനായി കേരള സഹകരണ നിക്ഷേപ ഗ്യാരന്റി ഫണ്ട് ബോർഡ് രൂപീകരിച്ചിട്ടുണ്ട്. കൂടാതെ നിക്ഷേപങ്ങൾക്ക് ആകർഷകമായ പലിശ നിരക്ക് നൽകി വരുന്നു. |
| (സി) | ഈ പദ്ധതികൾ നടപ്പിലാക്കാൻ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ